ഉത്തരം

(എ) ടാപ്പുകൾ എവിടെ ഒക്കെ സ്ഥാപിക്കണമെന്നതിനെ സംബന്ധിച്ചുള്ള റെസല്യൂഷനും അതിനാവശ്യമായ ഫണ്ടും തൃശ്ശൂർ കോർപ്പറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) തൃശ്ശൂർ കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ച് കുരിയച്ചിറ അറവുശാലയുടെ ഭാഗത്ത് പുതിയ ഒരു ടാപ്പ് സ്ഥാപിച്ചിട്ടുണ്ട്.

(സി) ബൂസ്റ്റർ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. മോട്ടോർ സ്ഥാപിക്കാനുള്ള ടെൻഡർ ഉത്തരമേഖല ചീഫ് എൻജിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(ഡി) എല്ലാ ദിവസവും ഒരു ഷിഫ്റ്റ് പ്രവർത്തിച്ചിരുന്നു. കൂർക്കഞ്ചേരി പമ്പ് ഹൗസിൽ 11/2000 മുതൽ 2 ഷിഫ്റ്റ് പമ്പിംഗും 7-2-2001 മുതൽ 3 ഷിഫ്റ്റ് പമ്പിംഗും നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ കൂർക്കഞ്ചേരി കണ്ണംകുളങ്ങര, വടൂക്കര, നെടുപുഴ, കണിമംഗലം, ചിയ്ക്കൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 11/2000 മുതൽ വാൽവുകൾ ക്രമീകരിച്ച് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നു. ടെൻഡർ ചെയ്തിട്ടുള്ള 50 എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന മുറയ്ക്ക് ഈ പ്രദേശത്തിലെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

കോഴിക്കോട് നഗരത്തിലെ ഡ്രീംസിറ്റി പദ്ധതി

39 (1191) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ഡ്രീംസിറ്റി പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയുടെ കൈയിലുള്ള സ്ഥലം വിനോദസഞ്ചാര വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലം കൈമാറാമെന്ന് വകുപ്പുമന്ത്രി ജനപ്രതിനിധികൾ അടങ്ങുന്ന യോഗത്തിൽ ഉറപ്പു നൽകിയിരുന്നുവോ ;

(സി) ഈ സ്ഥലം വിനോദസഞ്ചാര വകുപ്പിന് കൈമാറിയിട്ടില്ലെങ്കിൽ കൈമാറുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈമാറിയിട്ടില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി

40 (1192) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നാളിതുവരെ എത്ര പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടുണ്ട് ; എത്ര പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട് ; ഏതെല്ലാം പദ്ധതികൾ ലക്ഷ്യം കാണാതെ പരാജയപ്പെട്ടിട്ടുണ്ട് ;

(ബി) ഈ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കൊടുവള്ളി സമഗ്ര ശുദ്ധജലവിതരണ പദ്ധതി പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മൊകായി ശുദ്ധജലവിതരണ പദ്ധതി സംബന്ധിച്ച ആരോപണങ്ങളെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കിഴക്കോത്ത് ശുദ്ധജലവിതരണ പദ്ധതി സോൺ I ഉം II ഉം, കൊടുവള്ളി ശുദ്ധജലവിതരണ പദ്ധതി, മാനിപുരം നരിക്കുനി, തീർത്തംകര ഹരിജൻ കോളനി, കാക്കൂർ കക്കോടി കൂടത്തും പൊയിൻ, ചീക്കുനി, മൂടിക്കുന്ന്, വാവാട് എന്നിവയാണ്. ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ കൊടുവള്ളി-കിഴക്കോത്ത്, മടവൂർ, ഉലിയടകുന്ന് ശുദ്ധജലവിതരണ പദ്ധതി, ഏകരൂർ,പുനൂർ, നിലമ്പേരിമല, എന്നീ പദ്ധതികൾ പൂർണ്ണമായും ഉണ്ണിക്കുളം-ശിവപുരം ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ഭാഗീകമായും കമ്മീഷൻ ചെയ്തു. കൂടാതെ നിരക്കുന്നി, ചേലന്നൂർ, കക്കോടി കാക്കൂർ എന്നീ വില്ലേജുകൾ, കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഒ.ഇ.സി.എഫ് പദ്ധതിയിൽപ്പെടുന്നു. ഒരു പദ്ധതിയും പരാജയമല്ല. എന്നാൽ കൊടുവള്ളി-കിഴക്കോത്ത് മടവൂർ സമഗ്രശുദ്ധജല വിതരണ പദ്ധതിയിൽ വേനൽക്കാലത്ത് ഉറവിടത്തിന്റെ അപര്യാപ്തത മൂലവും കൊടുവള്ളി ഭാഗത്തെ കൂടിയ ഉപഭോഗം മൂലവും കിഴക്കോത്ത് പഞ്ചായത്തിലും മടവൂർ പഞ്ചായത്തിലും ഭാഗികമായി കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നില്ല. കൂടാതെ വെങ്ങലോറമല, ഐ.എച്ച്.ഡി.പി. കോളനി ശുദ്ധജലവിതരണ പദ്ധതി, കാംപ്രത്ത്കുന്ന് ഐ.എച്ച്.ഡി.പി. കോളനി, വെള്ളാരംപാറമല ഐ.എച്ച്.ഡി.പി. കോളനി, പൂവൻമല ഐ.എച്ച്.ഡി.പി. കോളനി, മേപ്പുടിച്ചാലിൽ ഐ.എച്ച്.ഡി.പി. കോളനി, തലപ്പത്ത് മിത്തൽ കോളനി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒ.ഇ.സി.എഫ്. പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉണ്ണിക്കുളം-ശിവപുരം ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖലയിലെ തകരാറുകൾ പരിഹരിക്കുന്നതിന് റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം 24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ വിശദമായ റിപ്പോർട്ടും അടങ്കലും തയ്യാറാക്കി വരുന്നു.

(സി) കൊടുവള്ളി-കിഴക്കോത്ത് മടവൂർ സമഗ്രശുദ്ധജലവിതരണ പദ്ധതിയിൽപ്പെടുന്ന കിഴക്കോത്ത് മടവൂർ ഭാഗങ്ങളിൽ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിന് പുരൂർപുഴയിൽ നിലവിലുള്ള കിണർ ഉപയോഗപ്പെടുത്തി പുതിയ പമ്പിംഗ് മെയിൻ വഴി ചെറുമല ടാങ്കിൽ ശുദ്ധജലം എത്തിച്ച് വിതരണം നടത്തുന്നതിന് ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം കിണറിന്റെ പുനരുദ്ധാരണ പ്രവർത്തികളും പമ്പ് ഹൗസിന്റെ നിർമ്മാണവും പൂർത്തിയായി പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള പണികൾ പൈപ്പ് ലഭ്യമാകുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്.

(ഡി) വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

41 (1193) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മേയ് മാസം മുതൽ നാളിതുവരെ എത്ര തൊഴിൽ തർക്കങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) എല്ലാ തൊഴിൽ തർക്കങ്ങളും സമയബന്ധിതമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ജീവനക്കാരുടേയും തൊഴിലാളികളുടേയും സേവനവേതന പ്രശ്നങ്ങൾ മുൻനിർത്തി രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ തർക്കങ്ങൾ എത്ര ; ഇവയെല്ലാം പരിഹരിക്കപ്പെടുമോ ;

(സി) മറ്റു വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി രജിസ്റ്റർ ചെയ്യപ്പെട്ടവ എത്രയാണ് ; ഇവയെല്ലാം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) 1996 മേയ് മാസം മുതൽ 2000 സെപ്റ്റംബർ വരെ സംസ്ഥാനത്ത് 23.038 തൊഴിൽ തർക്കങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2000 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ തൊഴിൽ തർക്കങ്ങളുണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജനോദ്യോഗസ്ഥന്മാർ ഉണ്ട്. ഇവർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly